# ജോർജ്ജിയൻ വോയ്സ്
GEORGIAN VOICE

ലക്കം 5 | ജൂലൈ 2012 | പുസ്തകം 7




യൂത്ത് അസോസിയേഷൻ പ്രസിദ്ധീകരണം


## സെന്റ് ജോർജ്ജ് യാക്കോബായ സിറിയൻ കത്തീഡ്രൽ
## കരിങ്ങാച്ചിറ



**ജൂലൈ 26ന് 10–ാം സ്ഥാനാരോഹണ വാർഷികം ആഘോഷിക്കുന്ന യാക്കോബായ സഭയുടെ ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവായ്ക്ക് കരിങ്ങാച്ചിറ കത്തീഡ്രലിന്റെ പ്രാർത്ഥനാ നിർഭരമായ ആശംസകൾ**



**അഭിവന്ദ്യ തോമസ് മോർ ഒസ്താത്തിയോസ് തിരുമേനി**



**വന്ദ്യ മൂക്കഞ്ചേരിൽ ഗീവർഗ്ഗീസ് റമ്പാച്ചൻ**

"ആചാര്യേശാ മശിഹാ കൂദാശകൾ അർപ്പിച്ചോരാചാര്യൻമാർക്ക്
ഏകുക പുണ്യം നാഥാ സ്തോത്രം"



# ജോർജ്ജിയൻ വോയ്സ്


**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**

*ചെയർമാൻ*

**റവ.ഫാ. ഷമ്മി ജോൺ**

*വൈസ് ചെയർമെൻ*

**റവ.ഫാ. റോയ്പോൾ**

**റവ.ഫാ. വർഗീസ് പുലയത്ത്**

*ഉപദേശക സമിതി*

**റവ. ഫാ. സഖറിയ ഓണേരിൽ**

*മാനേജിംഗ് എഡിറ്റർ*

**റവ.ഫാ. സെബുപോൾ**

*ചീഫ് എഡിറ്റർ*

**വർഗീസ് രാജു**

*പ്രിന്റർ & പബ്ലിഷർ*

**ഷൈജു പി.കെ.**

*സബ് എഡിറ്റേഴ്സ്*

**രൻജി പോൾ**

**യൽദോ ജോർജ്ജ്**

**മാത്യു പോൾ**


*ജൂലൈ 2012*

## ഇതളുകൾ വിരിയുമ്പോൾ


- എഡിറ്റോറിയൽ
- പ്രശോഭിക്കുന്ന സ്ത്രീ
- ക്രിസ്തുവിന്റെ വചനങ്ങളെ പ്രാവർത്തികമാക്കുക
- എൽഡേഴ്സ് അസ്സോസിയേഷൻ വാർഷിക യോഗം
- വി. പത്രോസ് പൗലോസ് ശ്ലീഹന്മാരെക്കുറിച്ച് അനുസ്മരണം
- ജീവന്റെ അപ്പം (വിശുദ്ധ കുർബാനാ വ്യാഖ്യാനം)
- വാർത്തകൾ
- വിഞ്ജാനകൗതുകം
- ഇടവക കലണ്ടർ



ചീഫ് എഡിറ്റർ
ജോർജ്ജിയൻ വോയ്സ്
സെന്റ് ജോർജ്ജ് കത്തീഡ്രൽ
കരിങ്ങാച്ചിറ - 682 309
E-mail: georgianvoice@stgeorgecathedral.in
www.stgeorgecathedral.in



# എഡിറ്റോറിയൽ

## സാമൂഹ്യ വിപത്തുകൾക്ക് ബലിയാടാകുന്ന കൗമാരം

വിദ്യാഭ്യാസം ഇന്ന് സമൂഹത്തിൽ ജീവിത ശൈലികൾക്ക് മാറ്റം വരുത്തിയിട്ടുണ്ടെങ്കിലും സമൂഹത്തിൽ ഏറ്റവും നല്ല വിദ്യാഭ്യാസം ആർജ്ജിക്കാനും നേടുവാനും ഓടുന്ന ഇന്നത്തെ കൗമാരക്കാർ ഉന്നത വിജയം നേടുന്നു എന്നുള്ളത് സത്യമാണ്. വിദ്യാഭ്യാസം വേണ്ടുവോളം ഉണ്ട് എന്നാൽ വിവേകം ഇല്ല എന്നതാണ് യാഥാർത്ഥ്യം. രക്ഷിതാക്കൾ മക്കളെ കഷ്ടപ്പാടുകളും, പ്രതിസന്ധികളെ അറിയിക്കാതെ മെച്ചമായ വിദ്യാഭ്യാസം നൽകുവാൻ കഷ്ടപ്പെടുന്നു. പണത്തിന്റെ ലഭ്യതയും സ്രോതസ്സും എങ്ങനെ-എളുപ്പവഴിയിൽ നേടാൻ സാധിക്കുന്നു എന്നത് പുതിയ തലമുറയ്ക്ക് ഇന്ന് ഒരു വെല്ലുവിളിയല്ല. കോളേജിന്റെ സംസ്ക്കാരം പഴയ കാലങ്ങളിൽ വിദ്യാഭ്യാസത്തിൽ അധിഷ്ഠിതമാണ്. അന്ന് അതിന് മൂല്യങ്ങൾ ഉണർത്തിയ സൗഹൃദബന്ധവും അതിൽ നിന്നുളവായ സ്നേഹബന്ധങ്ങളും നമ്മളെ കാലത്തിന്റെയും തലമുറകളുടേയും വിടവ് മനസ്സിലാക്കി തരുന്നു. സ്കൂളിലേക്ക് കുട്ടികളെ ആകർഷിക്കുന്നത് പഴയ കാലഘട്ടങ്ങളിലെ അധ്യാപകനും അധ്യാപകരോടുള്ള സ്നേഹവുമല്ല. ഇത് മനസ്സിലാക്കണമെങ്കിൽ ഇന്നത്തെ കൗമാരക്കാരുടെ ഇടയിലേക്ക് നാം ഇറങ്ങിച്ചെല്ലണം. മൊബൈൽ വാങ്ങിക്കുവാൻ ഒൻപതാം ക്ലാസ്സുകാരൻ വർക്ക് ഷോപ്പിലെ പണിക്ക് പോയത് നാം ചിന്തിക്കേണ്ട വലിയ കാര്യമാണ്. തന്റെ അപ്പൻ അതാത് ദിവസത്തെ ചിലവ് നടത്തുവാൻ കഷ്ടപ്പെടുമ്പോൾ ഒരു ദിവസത്തെ ചിലവ് നടത്തുവാൻ ആ മകൻ പണിക്ക് പോയതെങ്കിൽ ഈ സമൂഹം അ അവസ്ഥയെ മനസ്സിലാക്കിയേനെ. ബന്ധങ്ങളിലെ ബഹുമാനവും ആദരവും ഇന്നത്തെ തലമുറ അംഗീകരിക്കുവാൻ തയ്യാറാവുന്നില്ല. സാമൂഹ്യ ചുറ്റുപാടുകളിൽ ജീവിക്കുന്ന കുട്ടികൾ മറ്റു കുട്ടികളെപ്പോലെ ജീവിക്കുവാൻ തയ്യാറാവുകയും ചെയ്യുമ്പോൾ സ്വന്തം വീടിനെയും മാതാപിതാക്കളെയും മറക്കുന്നു. എട്ടാം ക്ലാസ്സ് മുതൽ മദ്യപാനം ആരംഭിക്കുന്ന കുട്ടികൾ ഇന്ന് സമൂഹത്തിൽ വിരളമല്ല. മാതാപിതാക്കൾ മദ്യപിച്ചുവരുന്നതും മദ്യം വീട്ടിൽ സൂക്ഷിക്കുന്നവർക്കും സ്വന്തം കുട്ടികളെ തടയുവാൻ സാധിക്കുന്നില്ല. സാമൂഹ്യ തിന്മകളെ ചൂണ്ടിക്കാട്ടുവാനുള്ള സന്നദ്ധത മാതാപിതാക്കൾ വീട്ടിൽ തന്നെ വേദിയൊരുക്കണം. പെൺകുട്ടികളെ നല്ല ചിന്തകളെ ഉണർത്തി സമൂഹത്തിലെ വിപത്തുകളെ മനസ്സിലാക്കുവാൻ മാതാപിതാക്കൾ ഓരോ ദിവസത്തിലും സമയം കണ്ടെത്തണം. പഠിക്കുന്ന വിദ്യാലയങ്ങൾ കണ്ടുമുട്ടുന്ന വ്യക്തികളെയും അറിയുവാനും നല്ലത് തിരിച്ച് അറിയിക്കുവാൻ മാതാപിതാക്കൾ ബാദ്ധ്യസ്ഥരാണ്. മൂല്യങ്ങളെ ഉണർത്തി സമൂഹത്തിലെ നല്ല വ്യക്തി ജീവിതത്തെ ഉയർത്തി ഇന്നത്തെ കൗമാരത്തെ നാളത്തെ നല്ല വ്യക്തികളാക്കുവാൻ നമുക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# പ്രശോഭിക്കുന്ന സ്ത്രീ

**ഫാ. വർഗീസ് പുലയത്ത്**



ദൈവത്തെ ആരാധിക്കുവാനും മഹത്വപ്പെടുത്തുവാനും മനുഷ്യനു മാത്രമേ സാധ്യമാകൂ. ആയതിനാൽ മനുഷ്യസൃഷ്ടിയുടെ പിന്നിലുള്ള ദൈവഹിതം മറ്റൊന്നുമല്ല. ആയതിനാൽ സൃഷ്ടികളിൽ മനുഷ്യനുള്ള മഹത്വം വ്യക്തമാണ് (സങ്കീ. 8:5) "തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ചു" (ഉല്പ. 1:27) ദൈവ സൃഷ്ടയിൽ പുരുഷനുള്ള അതേ സ്ഥാനം സ്ത്രീക്കും കൽപ്പിക്കപ്പെട്ടിട്ടുണ്ട്. ആകയാൽ അവൾ ഒട്ടും കുറവുള്ളവളല്ല. "ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു" യെശയ്യ 49:16. അതുകൊണ്ട് സ്ത്രീ ഒരിക്കലും പിന്നിൽ നിൽക്കേണ്ടവളല്ല. പുരുഷനു തക്ക തുണയായിരിക്കുവാനാണ് സ്ത്രീ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് (ഉല്പ. 2:18–23) പുരുഷ ശരീരത്തിൽ നിന്നാണ് സ്ത്രീ സൃഷ്ടിക്കപ്പെട്ടത്. അവന്റെ ഹൃദയത്തോട് ചേർന്ന വാരിഎല്ലുകളിൽ ഒന്നാണ് ദൈവം ഉപയോഗിച്ചത്. സ്ത്രീയെ പുരുഷന് നൽകിയത് ദൈവമാണ്. ആദ്യ വിവാഹം ദൈവത്താൽ നടത്തപ്പെട്ടു. പുരുഷനോട് ചേരുന്ന സ്ത്രീ അവനിൽ നിന്നു വേർ പിരിയുവാൻ ഇടയാകരുത്. സ്ത്രീ പുരുഷനുവേണ്ടിയാണെന്ന് നിശ്ചയിച്ചത് ദൈവമാണ്. കുടുംബത്തിൽ പുരുഷന് തുല്യയാണ് സ്ത്രീ. പുരുഷന്റെ നിലനിൽപ്പിന്, പൂർണ്ണതയ്ക്ക് സ്ത്രീ കൂടിയേതീരു. സ്ത്രീയേ കൂടാതെ കുടുംബം രൂപം കൊള്ളുകയില്ല. പുരുഷനും ദൈവത്തിനുംവേണ്ടി സൃഷ്ടികർമ്മത്തിൽ ചേർന്നു നിൽക്കുന്നവളാണ് സ്ത്രീ. സ്ത്രീയേ കൂടാതെ പുതിയൊരു സൃഷ്ടി സാധ്യവുമല്ല. ഓരോ വ്യക്തിയും സ്വന്തമായ പ്രത്യേകതയുള്ളവരാണ്. ഓരോരുത്തരും വ്യത്യസ്ഥരാണ്. ഒരാൾ ചെയ്യുന്ന കാര്യം മറ്റൊരാൾക്ക് അതേപോലെ ചെയ്യാൻ സാദ്ധ്യമല്ല. ഓരോ വ്യക്തിയെക്കുറിച്ചും ദൈവത്തിന്റെ ഇഷ്ടം പ്രത്യേകമാണ്. ഓരോ സ്ത്രീയും പുരുഷനും ഓരോ പ്രത്യേക വ്യക്തിത്വത്തിന്റെ ഉടമയാണ്. ഓരോരുത്തരുടേയും വ്യക്തിപരമായ ജീവിതത്തിലൂടെ തന്റെ സ്രഷ്ടാവിന്റെ ഹിതം അറിഞ്ഞ് നിറവേറ്റുവാൻ സാധിച്ചാൽ ആ വ്യക്തിയുടെ ജീവിതം സഫലമായി. അടിമ ബാലികയായ എസ്തേർ ദൈവഹിതത്തിന് തന്നെ വിട്ടുകൊടുത്തപ്പോൾ അവളെക്കുറിച്ചുള്ള ദൈവഹിതം പൂർത്തീകരിക്കപ്പെട്ടു. ശൂശൻ രാജധാനിയിൽ അഹശ്വരേശ് രാജാവിന്റെ രാജ്ഞിമാരിൽ ഒന്നാം സ്ഥാനക്കാരിയാകുവാൻ അനേകം കുമാരിമാർ ഉണ്ടായിരുന്നു. എന്നാൽ എസ്തേർ ആ സ്ഥാനത്തേക്ക് വന്നത് യഹൂദവംശത്തെ ഉന്മൂലനാശത്തിൽ നിന്ന് രക്ഷിച്ച് ദുഷ്ടനായ ഹാമാന്റെ അഹങ്കാരം നശിപ്പിക്കുവാൻ ദൈവത്താൽ നിയോഗിക്കപ്പെട്ടതുകൊണ്ടാണ്. എസ്തേറിലൂടെ ദൈവഹിതം നിറവേറ്റപ്പെടുന്നതു തടയാൻ ഒരു ശക്തിയേയും ദൈവം അനുവദിച്ചില്ല. ഹാമാന്റെ അധികാരമോ, സ്വാധീനമോ ഇഷ്ടമോ നടക്കുവാൻ ഇടയായില്ല. സകലതും എസ്തേറിന് അനുകൂലമാക്കുവാൻ ദൈവം ഇടപെട്ടു. മൊർദ്ദഖായിയ്ക്കായി നിർമ്മിക്കപ്പെട്ട കൊലമരത്തിൽ ഹാമാൻ തന്നെ തൂക്കപ്പെടുന്ന സംഭവം. പ്രാർത്ഥനയുടേയും നോമ്പിന്റേയും ഉപവാസത്തിന്റേയും ബലത്തിൽ ദുഷ്ടശക്തികളെ പരാജയപ്പെടുത്തി ഒരു ജനത്തെ രക്ഷിക്കുന്ന എസ്തേർ സ്ത്രീകൾക്ക് ശക്തിയാണ്, മാതൃകയാണ്, പ്രചോദനമാണ്. പ്രശോഭിക്കുന്ന സ്ത്രീകളിൽ ഒരുവൾ .......

(തുടരും)



# ക്രിസ്തുവിന്റെ വചനങ്ങളെ പ്രാവർത്തികമാക്കുക

ഒ.എം. ബേബി, ഊമാലിൽ, മാമല

വിശുദ്ധ ഗ്രന്ഥത്തിൽ ഒരു വചനം ഇപ്രകാരം എഴുതിയിരിക്കുന്നു. "നിങ്ങൾ ആത്മവഞ്ചകരാക രുത്. വചനം പറയുന്നർ മാത്രമാകാതെ പ്രാവർത്തികമാക്കുന്നവരായിരിക്കുവിൻ". നാം പ്രാർത്ഥനയിൽ ദൈവസഹായം പ്രതീക്ഷിക്കുന്ന വരാണ്. "നിന്റെ സഹായം ആകാശവും ഭൂമിയും നിറഞ്ഞ ദൈവത്തിൽ നിന്നും വരുന്നു" എന്നു പ്രാർത്ഥിക്കുന്നവരാണ്. ഏതെല്ലാം രീതിയിലുള്ള പ്രവർത്തികളാണു ദൈവത്തിന്റെ സഹായമായി, പ്രവർത്തികളായി നമ്മിൽ നിന്നു പുറത്തേക്ക് വരേണ്ടത്.

വിശക്കുന്നവർക്ക് ഭക്ഷിപ്പാൻ നൽകുക, ദാഹിക്കുന്നവർക്കു ദാഹജലം കൊടുക്കുക. വിവ സ്ത്രരായവർക്കു ഉടുക്കാൻ വസ്ത്രം നൽകുക, രോഗികളേയും തടവുകാരേയും സന്ദർശിച്ച് ആശ്വസിപ്പിക്കുക. തുടങ്ങി സത്കർമ്മങ്ങൾ ചെയ്യുന്നവർക്കാണ് സ്വർഗ്ഗരാജ്യം അവകാശ മായി കിട്ടുന്നത്.

ഒരിക്കൽ ഒരു ചെരുപ്പുകുത്തി ഉറങ്ങു മ്പോൾ യേശുദേവൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെ ട്ടു. നാളെ ഞാൻ നിന്റെ ഭവനം സന്ദർശിക്കു ന്നുണ്ട് എന്ന് പറഞ്ഞു. ചെരുപ്പുകുത്തി രാവിലെ ഉണർന്നു പുരയും പരിസരവും വൃത്തിയാക്കി. അതിരാവിലെ തണുത്തു വിറക്കുന്ന ഒരു വൃദ്ധൻ ചെരുപ്പുകുത്തിയുടെ ഭവനത്തിൽ എത്തി. ചെരു പ്പുകുത്തി തന്റെ കമ്പിളി പുതപ്പ് സമ്മാനിച്ചിട്ടു; നല്ല ചൂടുകാപ്പിയും അയാൾക്ക് ഉണ്ടാക്കി കൊടു ത്തു. കുറച്ചു കഴിഞ്ഞപ്പോൾ വിശന്നു തളർന്ന ഒരു പെൺകുട്ടി അവിടെയെത്തി. അയാൾ ആ പെൺകുട്ടിയ്ക്കു വയറുനിറച്ചു ചൂടുകഞ്ഞി ഉണ്ടാക്കി കൊടുത്തു. യേശുദേവനെനോക്കി ചെരുപ്പുകുത്തി വൈകിട്ടുവരെ വരവു കാത്തു നോക്കിയിരുന്നു. സന്ധ്യക്ക് പതിവുപോല ബൈബിൾ മറിച്ചു നോക്കിയപ്പോൾ അതിൽ ഇപ്ര കാരം എഴുതിയിരിക്കുന്നു. പതിതർക്കും ദുഃഖിതർക്കും നീ ചെയ്യുന്നതെന്തും എനിയ്ക്കു വേണ്ടിയാണു ചെയ്യുന്നത് എന്ന് അറിയുക. മറ്റു ള്ളവരെ വാക്കുകൊണ്ടും നോക്കുകൊണ്ടും ആശ്വസിപ്പിക്കുമ്പോഴും, മറ്റുള്ളവർക്ക് കരുണയും; സഹായവും; പരിചരണവും; സ്വാന്തനവുമായി തീരുമ്പോഴാണ് നാം യഥാർത്ഥത്തിൽ ക്രിസ്തു വിനെഅറിയുന്നത്. സ്വന്തം ആവശ്യങ്ങളും, സുഖ ങ്ങളും പൂർത്തീകരിച്ചിട്ടു മറ്റുള്ളവർക്കു വേണ്ടി പ്രവർത്തിക്കുവാൻ ആർക്കും കഴിയില്ല. ഉള്ള സാഹചര്യങ്ങളിൽ നിന്നുകൊണ്ട് കഴിയുന്നതു പോലെ പരസഹായം ചെയ്യുകയാണ് വേണ്ടത്. അവിടെയാണ് ദൈവമഹത്വം വെളിപ്പെടുന്നത്. മറ്റുള്ളവർക്കു സഹായവും ഉപകാരവും ചെയ്യു ന്നത് നമ്മുടെ സൗകര്യം നോക്കിയാവരുത്. സാഹ ചര്യമനുസരിച്ചും ആവശ്യമറിഞ്ഞും വേണം അതു ചെയ്യാൻ. ജീവിക്കാൻ പണം വേണമെന്ന അഭി പ്രായം എതിർക്കപ്പെടേണ്ടതല്ല. എങ്ങിനെസമ്പാദി ക്കണം; എങ്ങിനെചിലവഴിക്കണമെന്നുള്ളത് പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ജീവിക്കണമല്ലോ എന്ന ന്യായം പറഞ്ഞ് ദൈവത്തെ മറന്ന് എന്തു ഹീനമാർഗ്ഗത്തിലൂടെയും പണം സമ്പാദിക്കുന്നത് തെറ്റാണ്. നേടിയ പണം നന്മയ്ക്കും സത്കർമ്മ ത്തിനും പരോപകാരത്തിനും വേണ്ടി ഉപയോഗി ക്കുന്നവരാണ് ദൈവത്തെ അറിയുന്നവർ. ഐശ്വ ര്യങ്ങൾ ദൈവദാനമായി വിനയപൂർവ്വം അനുഭവി ക്കുകയാണ് മനഷ്യൻ ചെയ്യേണ്ടത്. നാം തെര ഞ്ഞെടുക്കുന്ന വഴികൾ എപ്പോഴും നല്ലതിനായിരി ക്കണം. നാശത്തിലേയ്ക്ക് ആകരുത്.

വിശുദ്ധ ഗ്രന്ഥത്തിൽ ഒരു കുരുടനെകർത്താവ് സുഖപ്പെടുത്തിയ അനുഭവം നാം വായിച്ചിട്ടുണ്ട്. എന്താണ് കുരുടന് കാഴ്ച കൊടുത്ത ക്രിസ്തു വിന്റെ അനുഭവം ഒരു കുരുടനെമറ്റൊരു കുരുടന് നയിപ്പാൻ സാധ്യമല്ല. കാരണം ഇരുവരും കുഴി യിൽ വീഴും. കാഴ്ചയുള്ള എല്ലാവർക്കും കാഴ്ച ഉണ്ടായിക്കോളണമെന്നില്ല. നന്മ മനസ്സിലുള്ള വർക്കേ നന്മചെയ്യാൻ കഴിയൂ. മനസ്സിൽ നന്മയുള്ള വനേഉൾക്കാഴ്ചയുള്ളവനെപ്പോലെ കുരു ടനെനയിക്കാൻ സാധിക്കൂ. കണ്ണ് ശരീരത്തിന് വിള ക്കാണ്. കണ്ണ് അന്ധകാരമാണെങ്കിൽ മനസ്സും ശരീരവും ഇരുണ്ട് പോകും. പ്രകാശമാണെങ്കിൽ മനസ്സും ശരീരവും പ്രകാശിക്കും. ക്രിസ്തുവാകട്ടെ

ഉൾക്കാഴ്ചയുള്ളവനായിരുന്നു. മനസ്സും ശരീരവും പ്രകാശിതമായിരുന്നു. നമുക്ക് ക്രിസ്തുവിനെപ്പോലെ കുരുടനെനയിക്കുന്ന ഉൾക്കാഴ്ചയുള്ള മനുഷ്യനായി മാറാം. നാം കുറവുള്ളവരെ കാണുമ്പോൾ വിധിക്കാനും പഴിപറയാനും ശ്രമിക്കരുത്. പച്ച പ്ലാവിലയും ഒരുനാൾ വീഴുമെന്ന് ഓർമ്മവേണം. ദു:ഖിതരേയും രോഗിളേയും നിരാശ്രയരേയും, ആലംബഹീനരേയും നിന്ദിക്കുന്നതും അവഗണിക്കുന്നതുമാണ് ഈ ലോകത്തിലെ വലിയ പാപം. അവരെ ആശ്വസിപ്പിക്കുമ്പോഴാണ് നാം യഥാർത്ഥത്തിൽ ദൈവത്തിൽ വസിക്കുന്നത്.

ബൈബിൾ കാപട്യത്തെക്കുറിച്ച് ഒരു ഉപമ പറയുന്നുണ്ട്. കണ്ണിലെ തടിക്കഷണത്തിന്റെയും കരടിന്റെയു ഉപമ.

നിന്റെ കണ്ണിൽ തടിക്കഷണം ഇരിക്കുമ്പോൾ മറ്റുള്ളവരുടെ കണ്ണിലെ കരടു തിരയരുത്. സ്വന്തം കണ്ണിലെ തടിക്കഷണം മാറുമ്പോൾ നമ്മുടെ കാഴ്ച തെളിയും. കാപട്യം എന്നതു പാപംപോലെ മാരകമാണ്. കാഴ്ച മറക്കുന്ന കാര്യത്തിൽ തടിക്കഷണത്തിനും; കരടിനും അതിന്റേതായ രീതികളുണ്ട്. ഒന്നു കാഴ്ച മുഴുവനായി മറയ്ക്കുമ്പോൾ മറ്റൊന്നു ഭാഗികമായി മറയ്ക്കുന്നു. ചീത്ത മനുഷ്യനു നല്ല മനുഷ്യനാകാൻ കാപട്യം ഒഴിവാക്കിയാൽ മതി. എന്താണു കപടത – സ്വന്തം കണ്ണിൽ കോലിരിക്കുമ്പോൾ അപരന്റെ കണ്ണിലെ കരടു തിരയുന്നു എന്നുള്ളതാണ്.

നഗരമദ്ധ്യത്തിലുള്ള ഒരു ക്രിസ്തീയ ദേവാലയം അവിടുത്തെ ഒരു പുരോഹിതൻ ആത്മീയ കാര്യങ്ങളിൽ തീഷ്ണവാനായിരുന്നു. അദ്ദേഹം ചെറുപ്പക്കാരിയായ ഒരു വിധവയുടെ വീട്ടിൽ പോകുമായിരുന്നു. ഇതു ഇടവകയിലെ പലരുടേയും കണ്ണിൽപെട്ടു. ഇടവക മുഴുവൻ കുശുകുശുപ്പായി. ഇടവകാംഗങ്ങളായ കുറേപ്പേർ അദ്ദേഹം കളങ്കപുരോഹിതനായി ഉറച്ചു വിശ്വസിച്ചു. ആ വിധവയായ യുവതി പെട്ടന്നു മരിച്ചുപോയി. മരണകാരണം ലുക്കേമിയയായിരുന്നു. രോഗവിവരം രഹസ്യമാക്കിവെക്കണമെന്നു നിർബന്ധിച്ചതുകൊണ്ട് പുരോഹിതൻ അക്കാര്യം മറ്റാരെയും അറിയിച്ചില്ല. വേദനിക്കുന്ന അവരെ ആശ്വസിപ്പിക്കാനായിരുന്നു പുരോഹിതൻ അവിടെ പോയിരുന്നത്. കാര്യം മനസ്സിലായപ്പോൾ രണ്ടു മധ്യവയസ്കകൾ പുരോഹിതനോട് കുറ്റം ഏറ്റുപറഞ്ഞ് മാപ്പ് ചോദിച്ചു. "സത്യം അറിയാതെയാണു ഞങ്ങൾ കഥകൾ പറഞ്ഞു പരത്തിയത്" പുരോഹിതന്റെ മറുപടി ഇപ്രകാരമായിരുന്നു. പഞ്ഞി നിറച്ച രണ്ടു തലയിണകളുമായി നിങ്ങൾ അടുത്തുള്ള കുന്നിൻ മുകളിൽ കയറുക. മുകളിലെത്തിയിട്ടു നല്ല കാറ്റു വീശുന്ന സമയത്തു ഈ തലയിണകൾ പൊട്ടിച്ചു അതിലെ പഞ്ഞികൾ പറത്തി വിടണം എന്നിട്ടു മടങ്ങി വരു! സ്ത്രീകൾ അതുപോലെ പ്രവർത്തിച്ചു. തിരികെ വന്നു ക്ഷമ യാചിച്ചു. ഞാൻ നിങ്ങളോട് ക്ഷമിച്ചിരിക്കുന്നു. നിങ്ങൾ പറത്തിവിട്ട പഞ്ഞികൾ തിരികെ ആ തലയിണയിൽ ശേഖരിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എന്നു ഞാൻ ആശിക്കുകയാണ്.

പുരോഹിതൻ പറഞ്ഞതിന്റെ അർത്ഥം അവർക്ക് മനസ്സിലായി. അന്യരെകുറിച്ചു കഥകളും അപവാദങ്ങളും പറയുന്നതും പ്രചരിപ്പിക്കുന്നതും പലർക്കും ഒരു രസമാണ്. അന്യരുടെ സൽപ്പേരിന് കളങ്കം ചാർത്തുമ്പോൾ അതുവഴി അവരുടെ മനസമാധാനവും സൽപ്പേരും നഷ്ടമാകുമ്പോൾ അവരുടെ ദു:ഖം എത്ര വലുതായിരിക്കും. എത്ര കഠിനമായിരിക്കും മറ്റുള്ളവരെ വിമർശിക്കുന്നതും കൊച്ചാക്കുന്നതും നമ്മളിൽ പലരുടേയും വിനോദമായി മാറിയിരിക്കുന്നു. കഴിയുന്നതും ഇവയൊന്നും നടത്താതിരിക്കുക. നാം കേൾക്കുന്നതു പലതും അസത്യങ്ങളും അർദ്ധസത്യങ്ങളും നിറം പിടിപ്പിച്ച കഥകളുമാണെന്ന് അറിഞ്ഞ് പ്രവർത്തിക്കണം.

വ്യാജ വേഷക്കാരെ തിരിച്ചറിയുക. ഫലത്തിൽ നിന്നു വൃക്ഷത്തെ അറിയുക. മത്തായി 7–17, 33–25 നല്ല വൃക്ഷം ചീത്ത ഫലങ്ങൾ തരുന്നില്ല. ചീത്ത വൃക്ഷം നല്ല ഫലങ്ങളും. മുൾചെടിയുടേയും അത്തിപഴത്തിന്റേയും ഉപമയാണ് വചനം സാക്ഷ്യപ്പെടുത്തുന്നത്.

വൃക്ഷത്തിൽ നിന്നു വിപരീതമായി മനുഷ്യനു ഒരു പ്രത്യേകതയുണ്ട്. അത്തിമരത്തിനും മുന്തിരിയാകാനോ; മുൾച്ചെടിക്കു മുന്തിരിയാകാനോ സാധ്യമല്ല. ഒരു മൃഗത്തിനും സ്വയം തീരുമാനമെടുത്ത് ഒരു നല്ല മൃഗമാകുവാൻ കഴിയുകയില്ല. എന്നാൽ മനുഷ്യന് അത് സാധിക്കും. കുമ്പസാരത്തിലൂടെ പശ്ചാത്താപം, മാനസാന്തരം എന്നീ അവസ്ഥയിലൂടെ തിന്മയിൽ നിന്നു നന്മയിലേക്കും നല്ല മനുഷ്യനിലേക്കുമുള്ള പ്രയാണം നടത്താം. മനസ്സുവെക്കണമെന്നു മാത്രം. നല്ല മനുഷ്യൻ നന്മയുടെ ഫലം പുറപ്പെടുവിക്കും ചീത്തമനുഷ്യൻ തിന്മയുടെ ഫലങ്ങളും. നന്മയും തിന്മയും നമ്മുടെ ഹൃദയത്തിലാണ് വസിക്കുന്നത്.

## 50 വർഷം ദാമ്പത്യജീവിതം അനുഗ്രഹകരമായി പിന്നിട്ട ദമ്പതികളെ ആദരിച്ച് എൽഡേഴ്സ് അസ്സോസിയേഷൻ സമൂഹത്തിന് മാതൃകയായി.



കുടുംബജീവിതത്തിൽ വിട്ടുവീഴ്ചകൾക്കും സ്നേഹം പങ്കിടുന്നതിലും ഏറെ പിന്നോട്ട് പോയിരിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ 50 വർഷം അനുഗ്രഹകരമായി കുടുംബജീവിതത്തെ പിന്നിട്ട ദമ്പതികളെയാണ് എൽഡേഴ്സ് അസ്സോസിയേഷൻ ആദരിച്ചത്. കഷ്ടതകളിലും പ്രതിസന്ധികളിലും കുറ്റപ്പെടുത്തലുകളിലോ ഒറ്റപ്പെട്ട ജീവിതത്തിലോ യാതൊരു അർത്ഥവുമില്ലെന്നും, പകരം കുടുംബജീവിതം ഒരു ദൈവിക അനുഗ്രഹമായി കാണണം എന്നുമാണ് ഈ ദമ്പതികൾക്ക് സമൂഹത്തോട് പറയാനുള്ളത്. നമ്മുടെ കത്തീഡ്രലിലെ എൽഡേഴ്സ് അസ്സോസിയേഷന്റെ വാർഷിക യോഗത്തിലാണ് ഇതുപോലെ ഒരു പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. ഒപ്പം വൈദിക സേവനത്തിൻ സുവർണ്ണജൂബിലി ആഘോഷിക്കുന്ന വെ. റെവ. ജോൺ എരമംഗലത്ത് കോർഎപ്പിസ്കോപ്പ, സക്കറിയ ഇച്ചിക്കോട്ടിൽ കോർ എപ്പിസ്കോപ്പ, തോമസ് കണ്ടത്തിൽ കോർ എപ്പിസ്കോപ്പ, കുര്യാക്കോസ് അമ്മഞ്ചേരിൽ കോർ എപ്പിസ്കോപ്പ എന്നിവരെ ആദരിച്ചു. തുടർന്ന് എൽഡേഴ്സ് അസ്സോസിയേഷന്റെ 2012-2013 ഭാരവാഹികളെ തെരഞ്ഞെടുത്തു.






| | | |
|---|---|---|
| **പ്രസിഡന്റ്** | – | **ഫാ. വർഗീസ് പുലയത്ത്** |
| **വൈസ് പ്രസിഡന്റ്** | – | **സി. പി. ബാബു** |
| **സെക്രട്ടറി** | – | **എം. വി. രാജു** |
| **ജോ. സെക്രട്ടറി** | – | **എം. വി. വർഗ്ഗീസ്** |
| **ട്രഷറർ** | – | **സി. വി. ജോയി** |





**ചടങ്ങുകളിൽ റവ. ഫാ. ഷമ്മി ജോൺ, ഫാ. റോയ് പോൾ, എം. വി. അബ്രഹാം, എൻ. വി. പൗലോസ്, ജോജി പീറ്റർ എന്നിവർ പ്രസംഗിച്ചു.**





















# വി. പത്രോസ് പൗലോസ് ശ്ലീഹന്മാരെക്കുറിച്ച് അനുസ്മരണം

കർത്താവിൻ ശിഷ്യന്മാർ പന്ത്രണ്ടല്ലോ
ശിമയോൻ പത്രോസ് – നടുനായകൻ
മോശയ്ക്കു തുല്യമാം സ്ഥാനം ലഭിച്ചു
അധികാരത്തിൻ താക്കോൽ നൽകപ്പെട്ടു
പത്രോസും പാറമേൽ സ്ഥാപിതമായ് സഭ
തലവൻ ശ്ലീഹായൊന്നാം പാത്രിയാർക്കീസായി
ക്രൂശിൽ കർത്താവിന്റെ പാദങ്ങൾ ചുംബിച്ചു
തലകീഴായി കുരിശിൽ തറയ്ക്കപ്പെട്ടു

ക്രീസ്ത്രീയ നാമത്തിനു പദവിയായിടും
ശൗലിൻ ചരിത്രം കേട്ടുകൊൾവിൻ
എന്തെന്താശ്ചര്യം ഈ കഥ കേൾക്കനാം
ശൗലിന്റെ ദുഷ്ടത ഓർക്കുകനാം
സ്തേപ്പാനോസ് ശെമ്മാ–ശനെ
കല്ലെറിഞ്ഞു കൊന്നപ്പോൾ
അഹ്ലാദത്തോടെ–നിന്നു ശൗൽ
സ്തേപ്പാനോസ് സഹദായുടെ
വസ്ത്രം തൻ ഘാതകർ
ശൗലിന്റെ കാൽക്കൽ വച്ചുവണങ്ങി

വീടുകൾ തോറും കയറിയിറങ്ങി
മാതാപിതാക്കളെ ദ്രോഹിച്ചവൻ (2)
കാരാഗ്രഹത്തിൽ ബന്ധനസ്ഥരാക്കി
ദൈവസഭയെ പീഢിപ്പിച്ചു
അധികാരപത്രം വാങ്ങി ദമസ്ക്കോസിൻ
വീഥികളിൽ കൂടി പോയിടുമ്പോൾ (2)
ആദിത്യനെവെല്ലുംശോഭയാലവൻ
അന്ധനായ് തീർന്നു നിലം പതിച്ചു (2)
വിഭ്രമം പൂണ്ടു ഭയന്ന ശൗലപ്പോൾ
ആകാശത്തൂന്നൊരു ശബ്ദംകേട്ടു (2)

ശൗലേ, ശൗലേ, നീയെന്നിയിങ്ങനെ
ഉപദ്രവിച്ചീടുന്നതെന്തുകൊണ്ട്?
മുള്ളിനു നേരെ ഉതച്ചാൽ ശൗലേ നിൻ
ജീവിതമെന്നെന്നും ശോചനീയം
നല്ലതല്ല നിനക്കിത് ശൗലേ–നീ
അനന്യാസിനുപദേശം കേട്ടുകൊൾക
സഭയെ മുടിയ്ക്കാതെ ജീവിച്ചിടുക
ദൈവമഹത്വം പ്രഘോഷിക്കുക

അനന്യാസിന്നുപദേശം കൈക്കൊണ്ടനേരത്ത്
മാനസാന്തരത്താൽ അന്ധത നീങ്ങി
പൗലോസ് എന്ന് ശൗൽ വിളിയ്ക്കപ്പെട്ടു
സഭയുടെ കെട്ടുപണിക്കാരനായി
നാടെങ്ങും ഓടി വചനം പ്രഘോഷിച്ചു
വാളാൽ തന്നെ വധിയ്ക്കപ്പെട്ടു
ശ്ലീഹന്മാർ ഇരുവരും സഹോദരന്മാരായ്
എന്നുമെന്നാളും ഓർക്കപ്പെടും

(ആശയാനുവാദം – ദീനാമ്മചേച്ചി)

# ജീവന്റെ അപ്പം

(വിശുദ്ധ കുർബാനാ വ്യാഖ്യാനം)

*ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പാ മൂലയിൽ*

## നോഹയുടെ പെട്ടകം


ദൈവസൃഷ്ടിയായ മനുഷ്യൻ പാപത്തിൽ നിപതിച്ചപ്പോൾ ലോകത്തെയും പാപമയമായ സകലതിനെയും നശിപ്പിക്കുവാൻ ദൈവം തീരുമാനിച്ചപ്പോൾ–നോഹയുടെ പെട്ടകം മുഖാന്തിരമായി ആ കുടുംബത്തിലും മറ്റു ജീവജാലങ്ങൾക്കും നാശത്തിൽ നിന്നും രക്ഷ നല്കി. പെട്ടകത്തിൽ പ്രവേശിച്ചതൊക്കെയും രക്ഷപ്രാപിച്ചു. അപ്രകാരം തന്നെ ക്രിസ്തുവാകുന്ന പെട്ടകത്തിൽ പ്രവേശിക്കുന്നതൊക്കെയും നശ്വരമായ ഈ ലോകത്തിൽ നിന്നും നിത്യജീവനിലേക്കു കടക്കും.

ഒരുവൻ ക്രിസ്തുവിലാകണമെങ്കിൽ തന്റെ മാംസ രക്തങ്ങളാകുന്ന വി. ബലിയിൽ (വി. കുർബാനയിൽ) പങ്കാളികളാവണം. 'എന്റെ മാംസം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു' (യോഹ. 6:56) ഇപ്രകാരം പാപമയമായതിൽ നിന്നു രക്ഷ നൽകി മോചനം പ്രദാനം ചെയ്യുന്നതിനും വി. കുർബാന പ്രയോജകീഭവിക്കുന്നത് ജീവജാലങ്ങൾക്കു ജീവരക്ഷ നൽകിയ നോഹയുടെ പെട്ടകത്തിൽ ദൃഷ്ടാന്തപ്പെട്ടിരിക്കുന്നു.

## മൽക്കീസദേക്കിന്റെ ബലി

ശാലേം രാജാവായ മൽക്കീസദേക് കേദോർലായോമെരിനെയും കൂട്ടുരാജാക്കന്മാരെയും പരാജയപ്പെടുത്തി വന്ന അബ്രഹാമിനെ എതിരേല്ക്കുകയും 'അപ്പവും വീഞ്ഞും' കൊണ്ട് വന്ന് ദൈവത്തിനു കാഴ്ചവച്ച് അബ്രഹാമിനെ അനുഗ്രഹിക്കുകയും ചെയ്തു. അപ്പവും വീഞ്ഞും കൊണ്ടുള്ള കാഴ്ചയർപ്പണം കർത്താവിന്റെ പുതിയ നിയമ ബലിയുടെ സൂചനയാകുന്നു. (ഉത്പ. 14:18) മൽക്കീസദേക് ദൈവത്തിന്റെ മഹാപുരോഹിതനായിരുന്നു. അദ്ദേഹം അബ്രഹാമിനെ അനുഗ്രഹിച്ചതായും കാണുന്നു. എബ്രായ ലേഖകൻ ഈ മൽക്കീസദേക്കിനെക്കുറിച്ച് പറയുന്നത് നീതിയിൻ രാജാവെന്നും സമാധാനത്തിന്റെ രാജാവെന്നുമാണ് (എബ്രായർ 7:2) ക്രിസ്തു മൽക്കീസദേക്കിന്റെ ക്രമപ്രകാരമുള്ള മഹാപുരോഹിതനാണ് (എബ്രായർ 6:20) ലേവ്യാ പൗരോഹിത്യ പരമ്പര സ്ഥാപിതമാകുന്നതിനു മുമ്പേയുള്ള ദൈവത്തിന്റെ അനന്യനായ (unique) മഹാപുരോഹിതനാണു മൽക്കീസദേക്. പൗരോഹിത്യ പരമ്പരയിൽ അവനു പിതാവില്ല, മാതാവില്ല, വംശാവലിയില്ല, ജീവാരംഭവും ജീവാവസാനവുമില്ല. അവൻ ദൈവപുത്രനു തുല്യനായി എന്നേക്കും മഹാപുരോഹിതനായിരക്കുന്നു (എബ്രാ 7:3). ഇങ്ങനെ മൽക്കീസദേക്കിന്റെ രക്തബലിയല്ലാത്ത അപ്പവും വീഞ്ഞുംകൊണ്ടുള്ള കാഴ്ച ദൈവപുത്രന്റെ പുതിയ നിയമ ബലിയാകുന്ന വി. കുർബാനയുടെ ദൃഷ്ടാന്തവും സൂചനയുമാകുന്നു.

മൽക്കീസദേക്കിന്റെ അപ്പവും വീഞ്ഞും സിറിയൻ പിതാക്കന്മാരുടെ ഭാഷ്യമനുസരിച്ചു വി. കുർബാനയുടെ പ്രതീകമാണ്. മൽക്കീസദേക് ക്രിസ്തുവിന്റെ പ്രതീകവുമാണ്. (സങ്കീ. 110:4) മൽക്കീസദേക്കിന്റെ പൗരോഹിത്യക്രമം എന്നത് ലേവ്യപൗരോഹിത്യത്തിനു മുമ്പുള്ള പൊതു പൗരോഹിത്യം അഥവാ (Natural Priesthood) ആണ്. മൽക്കീസദേക് ഒരേ സമയം പുരോഹിതനും രാജാവുമാണ്. (ശാലേം യെറുശലേമിന്റെ പഴയ പേരാണ്. സങ്കീ. 76:2) ഈ മൽക്കീസദേക്കിനെ' മ്ശിഹായുടെ മുൻകുറിയായി എബ്രായ ലേഖകൻ കാണുന്നതുകൊണ്ടാണു നീതിയിൻ രാജാവെന്നും സമാധാന രാജാവെന്നും പറയുന്നത്. ക്രിസ്തുവിലും രാജത്വവും പൗരോഹിത്യവും ഒന്നു ചേരുമെന്നും പ്രവാചകന്മാരും പറയുന്നു. (സഖ. 6:13)




This is Jerusalem; I have set it in the midst of the nations and countries that are round about.

ഇത് യരുശലേം ആകുന്നു. ഞാൻ അതിനെ ജാതികളുടെ മദ്ധ്യേ വെച്ചിരിക്കുന്നു. അതിന് ചുറ്റും രാജ്യങ്ങൾ ഉണ്ട്.

യെഹസ്ക്കേൻ 5:5

മൂന്ന് വൻകരകളുടെ - ഏഷ്യ, ആഫ്രിക്ക, യൂറോപ്പ് മദ്ധ്യത്തിലായി സ്ഥിതിചെയ്യുന്ന യരുശലേം. മറ്റൊരു പട്ടണവും ഇപ്രകാരം ഇല്ലാത്തതിനാൽ യരുശലേമിനെ ഭൂമിയുടെ മദ്ധ്യഭാഗം എന്ന് വിളിക്കാറുണ്ട്.

**പൗലോസ് മൂക്കനോട്ടിൽ**

## വാർത്തകൾ

### പരിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ

പരിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ 2012 ആഗസ്റ്റ് 15-ാം തീയതി നമ്മുടെ കത്തീഡ്രലിൽ നടത്തപ്പെടുന്നു. പരിശുദ്ധ മാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ടുകൊണ്ട് പ്രാർത്ഥിച്ച് ദൈവീകാനുഗ്രഹം പ്രാപിക്കുവാൻ കർത്തൃനാമത്തിൽ അപേക്ഷിച്ചുകൊള്ളുന്നു.
(പെരുന്നാൾ ഷെയർ 251 രൂപ)

### അനുമോദിച്ചു



കേരള യൂണിവേഴ്സിറ്റി എംടെക് (സിവിൽ എൻവയൺമെന്റൽ) എഞ്ചിനീയറിംഗ് പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ ആശ. സി. രാജുവിനെസെന്റ് കുര്യാക്കോസ് കുടുംബയൂണിറ്റ് ആദരിച്ചു. ചെറുവള്ളിൽ സി.വി. രാജുവിന്റെയും പരേതയായ മേരി രാജുവിന്റെയും മകളാണ്.

### കുർബാന സമയം മാറുന്നു

ശനിയാഴ്ച വി. കുർബാന 6.45 ന്
പ്രഭാത നമസ്ക്കാരവും,
7.30 ന് വിശുദ്ധ കുർബാന.

### സന്തോഷ് - രാജേഷ് സ്മാരക എൻഡോവ്മെന്റ് നൽകി

യൂത്ത് അസോസിയേഷൻ പ്രവർത്തകരായിരുന്ന ഇരുമ്പനം ചെറുമുട്ടത്ത് സന്തോഷിന്റെയും തിരുവാങ്കുളം പനിച്ചിയിൽ രാജേഷിന്റെയും സ്മരണക്കായി ഏർപ്പെടുത്തിയ വിദ്യാഭ്യാസ അവാർഡ് നൽകി നമ്മുടെ സ്കൂളുകളിലെ നിർദ്ദനരായ വിദ്യാർത്ഥികൾക്കാണ് നൽകപ്പെടുന്നത്.

### 2-ാം സ്ഥാനം ലഭിച്ചു



ഡിസ്ട്രിക്ട് തലത്തിലും ഭദ്രാസനത്തിലും 5-ാം ക്ലാസ്സ് വാർഷിക പരീക്ഷയ്ക്ക് ആൻമേരി മാത്യു 2-ാം സ്ഥാനം കരസ്ഥമാക്കി കരിങ്ങാച്ചിറ മാർ അത്തനേഷ്യസ് സൺഡേസ്കൂൾ വിദ്യാർത്ഥിനിയായ ആൻ മേരി മാത്യു ചിത്രപ്പുഴ മോർ പോളിക്കാർപ്പോസ് കുടുംബയൂണിറ്റ് അംഗമാണ്.

# വിജ്ഞാനകൗതുകം

1. "പ്രവൃത്തികൂടാതെയുള്ള വിശ്വാസം നിർജ്ജീവമാകുന്നു" ഏത് പുതിയ നിയമ ഗ്രന്ഥകർത്താവാണ് നമുക്ക് ഈ ഉപദേശം നൽകുന്നത്.

   A പത്രോസ് ശ്ലീഹാ, B യാക്കോബ് ശ്ലീഹാ, C യോഹന്നാൻ ശ്ലീഹാ

2. 'പ്രുമിയോൻ' ഈ വാക്കിന്റെ അർത്ഥമെന്ത്?

   A മുഖവുര, B നിരകൾ, C കൂട്ടം

3. "വെല്ലും ശത്രുക്കളെ നിന്നാൽ ഞങ്ങൾ....." ഈ ഗീതം ഏത് കൂക്കിലിയോനിൽ നിന്നുള്ളതാണ്.

   A പട്ടക്കാരുടെ, B പരിശുദ്ധന്മാരുടെ, C വി. സ്ലീബായുടെ

4. " നീ എന്നെ അനുഗ്രഹിച്ചാലല്ലാതെ ഞാൻ നിന്നെ വിട്ടയ്ക്കുകയില്ല" ദൈവത്തിന്റെ മാലാഖയോട് മല്ല് പിടിച്ച് ജയിച്ച ഈ വീരൻ ആര്?

   A ശിംശോൻ, B യാക്കോബ്, C മോശ

5. "നിന്റെ അമ്മയുടെ ഗർഭത്തിൽ നീ ഉരുവാകുംമുമ്പോ ഞാൻ നിന്നെ അറിഞ്ഞു......" യഹോവയായ ദൈവം ഏത് പ്രവാചകനോടാണ് ഇങ്ങിനെപറഞ്ഞത്?

   A യെശയ്യാവ്, B യിരമ്യാവ്, C യെഹസ്ക്കേൻ

6. 51–ാം സങ്കീർത്തനപ്രകാരം ദൈവത്തിന് സ്വീകാര്യമായ ബലി ഏതാണ്?

   A ഉരുകിയ മനസ്സ്, B താഴ്മയുള്ള ആത്മാവ്, C തടിച്ചകാളകൾ

7. നമ്മുടെ കർത്താവിന്റെ കുരിശ് കണ്ടെടുത്ത രാജ്ഞി ആര്?

   A എസ്തേർ, B ശേബാ, C ഹെലനി

8. താഴെപറയുന്നവയിൽ 'ഇടയലേഖനം' ഏതാണ്?

   A തിമോത്തിയോസ്, B ഫിലിപ്പിയർ, C ഗലാത്യർ

9. വി. മത്തായിയുടെ സുവിശേഷത്തിൽ പറയുംപ്രകാരം അബ്രഹാം മുതൽ മശിഹാവരെ എത്ര തലമുറകൾ ഉണ്ട്?

   A 14, B 28, C 42

**ജൂൺ മാസത്തെ ശരിയുത്തരങ്ങൾ** : 1. C. യോഹന്നാൻ ശ്ലീഹാ 2. A ഗ്രീക്ക് 3. B കാണാതെ പോയ നാണയം 4. C. അയയ്ക്കപ്പെട്ടവൻ 5. B ഈയ്യോബ് 6. A ദാനിയേലിന്റെ 7. C എഫേസ്യർ 8. A ബാർ ആസിറേ 9. B യാക്കോബ്

*ഇവിടെ മുറിക്കുക*

| | | |
|---|---|---|
| 1. A ☐ B ☐ C ☐ | 2. A ☐ B ☐ C ☐ | 3. A ☐ B ☐ C ☐ |
| 4. A ☐ B ☐ C ☐ | 5. A ☐ B ☐ C ☐ | 6. A ☐ B ☐ C ☐ |
| 7. A ☐ B ☐ C ☐ | 8. A ☐ B ☐ C ☐ | 9. A ☐ B ☐ C ☐ |

ശരിയുത്തരം ടേബിളിൽ ടിക്ക് ചെയ്യുക. വിലാസം പൂരിപ്പിച്ച് കൂപ്പണുകൾ പള്ളിയിലെ ജോർജ്ജിയൻ വോയ്സ് ലെറ്റർ ബോക്സിൽ നിക്ഷേപിക്കുക. ശരിയുത്തരം ഒന്നിൽ കൂടുതൽ ഉണ്ടെങ്കിൽ നറുക്കെടുത്ത് സമ്മാനം നൽകുന്നതാണ്. ഉത്തര കൂപ്പണുകൾ നിക്ഷേപിക്കേണ്ട അവസാന തീയതി 25.06.2012.

പേര് ..............................................................

വിലാസം ..........................................................

.......................................................................

.......................................................................

ഫോൺ ............................................................

കുടുംബയൂണീറ്റ് ................................................


## ഇടവക കലണ്ടർ ആഗസ്റ്റ് 2012

(കുടുംബ യൂണിറ്റ്)

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | 1 | 2<br>• ബൈബിൾ ക്ലാസ്സ് | 3 | 4<br>• ധ്യാനയോഗം<br>• 10 മുതൽ 12:30 |
| 5<br>• ഇരുമ്പനം കുരിശുപള്ളി<br>• സെന്റ് ജോസഫ്<br>• മൗണ്ട് കർമ്മേൽ | 6<br>• സെന്റ് മേരീസ് | 7<br>• മാർ കൂറിലോസ്<br>• മോർ ബസ്സേലിയോസ് | 8<br>• മാർബർസൗമ്മാ | 9<br>• ബൈബിൾ ക്ലാസ്സ് | 10 | 11<br>ധ്യാനയോഗം<br>10 മുതൽ 12.30<br>• മാർ മിഖായേൽ<br>• സെന്റ് കുര്യാക്കോസ് |
| 12<br>• ചിത്രപ്പുഴ കുരിശുപള്ളി<br>• മാർ സേവേറിയോസ്<br>മൗണ്ട് താബോർ | 13 | 14<br>• ഇസ്രായേൽ | 15<br>• സെന്റ് ജോൺസ് | 16<br>• ബൈബിൾ ക്ലാസ് | 17 | 18<br>• ധ്യാനയോഗം<br>10 മുതൽ 12.30<br>ബഥാനിയ<br>• മാർ സ്തേഫാനോസ് |
| 19<br>• മാർ കൗമ്മാ<br>• മൗണ്ട് ഹെബ്രോൺ | 20<br>• സെന്റ് അപ്രേം | 21<br>• സെന്റ് ഇഗ്നാത്തിയോസ് | 22<br>• സെന്റ് പീറ്റേഴ്സ് | 23<br>• ബൈബിൾ ക്ലാസ് | 24 | 25<br>ധ്യാനയോഗം<br>10 മുതൽ 12.30<br>• ബെത്സെദ |
| 26<br>നസ്രേത്ത്<br>• സെന്റ് ജേക്കബ്<br>• സെന്റ് പോൾസ്<br>4 to 6 pm | 27<br>• മോർ<br>പോളിക്കാർപ്പസ് | 28<br>• മാർ<br>ഗ്രിഗോറിയോസ് | 29 | 30<br>• ബൈബിൾ ക്ലാസ് | 31 | |

## 4 – ാം ചരമവാർഷികം

## 6 – 7 – – 2012





## കെ. എം. ജോർജ്ജ്

കാവര ഹൗസ്, ഇരുമ്പനം

സന്തപ്ത കുടുംബാംഗങ്ങൾ

## 9 – ാം ചരമവാർഷികം

## രാജു എം.പി.

മോളത്ത്, തിരുവാങ്കുളം



സന്തപ്ത കുടുംബാംഗങ്ങൾ

# 7 – ാം ചരമവാർഷികം

7-5-2012

**പാവു വർഗീസ്**
മണ്ണാലിൽ
അടൂർ
അമ്പലമുകൾ



സന്തപ്ത
കുടുംബാംഗങ്ങൾ



**ടി. വി. ഐസക്ക്**
തൊമ്മൻകുടിയിൽ

കരിങ്കാച്ചിറ കത്തീഡ്രലിൽ മുൻ കൈക്കാരനും
വിവിധ കമ്മറ്റികളിൽ അംഗവുമായിരുന്ന
തൊമ്മൻകുടിയിൽ ഐസക്കിന്
കരിങ്കാച്ചിറ കത്തീഡ്രലിന്റെ ആദരാഞ്ജലികൾ

**ചരമം :**

21. 06. 2012മുരിയമംഗലം, ആലിക്കുഴി മേരി (89) കർത്താവിൽ നിദ്രപ്രാപിച്ചു.
30. 06. 2012 പുറ്റുമാനൂർ, മുക്കടയിൽ ബേബി (52) കർത്താവിൽ നിദ്രപ്രാപിച്ചു.
01. 07. 2012 ചിത്രപ്പുഴ, തൊമ്മൻകുടിയിൽ ഐസക് (76) കർത്താവിൽ നിദ്രപ്രാപിച്ചു.

Best wishes !

ST. GEORGE MEDICALS,
Opp. St. George Cathedral Church
Karingachira

Chief Editor: Varghese Raju Mob: 8547903252, Printed & Published by : Shiju P.K. Mob: 9895087333
for Youth Association, St. George Jacobite Syrian Cathedral, Karingachira, Irimpanam P.O., Ph: 0484 2777877
E-mail: georgianvoice@stgeorgecathedral.in
Printed at: Color World Offset Printers, Vettikulam, Mulanthuruthy. Ph: 94475 74356